പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിലെ മെസ് തുക പരിഷ്കരിക്കാൻ നടപടി

110 [1455] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ആഹാരത്തിനായി ഒരു മാസത്തേക്ക് അനുവദിച്ചിരിക്കുന്ന തുക 1996-ൽ ശേഷം പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) ജീവിതച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ഈ തുക ഈ അദ്ധ്യയനവർഷം മുതൽ പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ തുക ഈ അദ്ധ്യയനവർഷം തന്നെ പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ബോർഡിംഗ് ഗ്രാന്റ് 29-4-2003-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 20/05/പ.ജ. പവ. വിവ. പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് 1 മുതൽ 4 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 500 രൂപ നിരക്കിലും 5 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 600 രൂപ നിരക്കിലും 11 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 700 രൂപ നിരക്കിലും ബോർഡിംഗ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് ഈ അദ്ധ്യയന വർഷത്തിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

ഏകലവ്യ അമ്പെയ്ത്ത് പരിശീലന കേന്ദ്രം

111 [1456] ശ്രീമതി മേഴ്സി രവി:
ശ്രീ. വർക്കല കഹാർ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ അമ്പ് എയ്ത്ത് പരിശീലിപ്പിക്കുന്ന ഏകലവ്യ അമ്പെയ്ത്ത് പരിശീലന കേന്ദ്രം ഗവൺമെന്റ് നടത്തുന്നതാണോ; അല്ലെങ്കിൽ ആ പരിശീലന കേന്ദ്രത്തിന് എന്തെല്ലാം സഹായം നൽകിവരുന്നു;

(ബി) ഈ പരിശീലനകേന്ദ്രത്തിൽ പരിശീലനം ലഭിച്ച എത്ര പേർക്ക് ഇതുവരെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സമ്മാനം ലഭിച്ചിട്ടുണ്ട്;

(സി) ഇവിടെ അമ്പെയ്ത്ത് പരിശീലനം നേടുന്നവരുടെ അമ്പും വില്ലും മുളഞ്ചീളിയും മുളയും ഉപയോഗിച്ചുണ്ടാക്കിയതാണോ;

LIBRARY ARCHIVES Kerala Legislative Assembly